**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. -യുടെ എത്ര സെക്ഷൻ ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ; | (എ) | കാസർഗോഡ് ജില്ലയിൽ 24 സെക്ഷൻ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ഓഫീസുകളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം-1). |
| (ബി) | പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇലക്ട്രിക്കൽ സെക്ഷൻ കാസർഗോഡ് ഇലക്ട്രിക്കൽ സെക്ഷൻ നല്ലോമ്പുഴ, ഇലക്ട്രിക്കൽ സെക്ഷൻ തൃക്കരിപ്പൂർ എന്നീ ഓഫീസുകൾ കെ.എസ്.ഇ.ബി.എൽ-ന്റെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ പ്രവർത്തനം നടന്നു വരുന്നു. അത് കൂടാതെ ഇലക്ട്രിക്കൽ ഡിവിഷൻ കാഞ്ഞങ്ങാടും ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞങ്ങാടിനും വേണ്ടി കെ.എസ്.ഇ. ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. |
| (സി) | ചട്ടഞ്ചാൽ, കുറ്റിക്കോൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നതിന് സമീപം സർക്കാർ ഭൂമി ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ചട്ടഞ്ചാൽ, കുറ്റിക്കോൽ കെ.എസ്.ഇ.ബി. ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നതിന് സമീപം സർക്കാർ ഭൂമി ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | ഇവിടെ റവന്യൂഭൂമി പാട്ടത്തിന് ലഭ്യമാക്കി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | (ഡി) | റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കുമ്പോൾ പാട്ട വ്യവസ്ഥ പ്രകാരം കമ്പോള വിലയുടെ നിശ്ചിത ശതമാനമാണ് പാട്ടവാടകയായി സംസ്ഥാന സർക്കാരിന്റെ ഉത്തരവിൽ പ്രതിപാദിക്കാറുള്ളൂ. കൂടാതെ നിശ്ചിത കാലയളവിന് ശേഷം പ്രസ്തുത നിരക്ക് പുനർനിർണ്ണയിക്കാമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു (മൂന്ന് മുതൽ 5 വർഷത്തിനുള്ളിൽ) പ്രസ്തുത വ്യവസ്ഥ പ്രകാരം റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കി കെ.എസ്.ഇ.ബി.എൽ- ന്റെ സെക്ഷൻ ആഫീസുകൾ സ്വന്തമായി നിർമ്മിക്കുന്നത് സ്ഥാപനത്തിന് ഓരോ വർഷവും അധിക സാമ്പത്തിക ബാധ്യത വർധിപ്പിക്കു മെന്നതിനാൽ റവന്യൂ ഭൂമി കെ.എസ്.ഇ.ബി-ക്ക് പാട്ടത്തിന് |

| | | | |
|---|---|---|---|
| | | | നൽകുന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. അതായത് ഫെയർവാല്യൂവിന്റെ നിശ്ചിത ശതമാനം പാട്ടവാടക പാട്ടകാലാവധിവരെ നിജപ്പെടുത്തി നൽകിയാൽ മാത്രമേ കെ.എസ്.ഇ.ബിക്ക് റവന്യൂ ഭൂമിയിൽ (പാട്ടത്തിന്) സെക്ഷൻ ആഫീസുകൾ സ്വന്തമായി നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.<br><br>ചെലവു ചുരുക്കലിന്റെ ഭാഗമായിയുള്ള സാമ്പത്തിക അച്ചടക്ക നടപടികളെ തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫിസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31.03.2023 വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

7

Question no:711

A) 24 Offices are functioning under this circle office in a rented bulding

| Sl.no | Name of Office |
|---|---|
| 1 | Ele.Section kasaragod |
| 2 | Ele.Section Nellikunnu |
| 3 | Ele.Section Kumbala |
| 4 | Ele.section Uppala |
| 5 | Ele.Section Manjeshwaram |
| 6 | Ele.Section Pivalike |
| 7 | Ele.Section Uduma |
| 8 | Ele.Section Balanthod |
| 9 | Ele.Section Chitari |
| 10 | Ele.Section cherkala |
| 11 | Ele,Section Choyangod |
| 12 | Ele.Section Kayyur |
| 13 | Ele. Section Nallombuzha |
| 14 | Ele.Section Nileshwaram |
| 15 | Ele.Section Padannakad |
| 16 | Ele.Section Padanna |
| 17 | Ele.Section Periya bazar |
| 18 | Ele.Section Pilikkod |
| 19 | Ele.Section Rajapuram |
| 20 | Ele.Section Trikkaripur |
| 21 | Ele.Section Kuttikol |
| 22 | Ele.Section Chattanchal |
| 23 | Electrical Division kanhangad |
| 24 | Electrical Section Kanhaangad |